**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3177 **19/06/2018 ൽ** മറുപടിക്ക്

## തെരുവ് നായ്ക്കളുടെ പുനരധിവാസത്തിന് പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പാറക്കൽ അബ്ദുല്ല** | **ഡോ.കെ.ടി. ജലീൽ**<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |

| | | |
|---|---|---|
| എ) | തെരുവ് നായ്ക്കളുടെ ശല്യം ഇല്ലാതാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | എ) തെരുവുനായ്ക്കളുടെ ശല്യം നിയന്ത്രിക്കുന്നതിന് സംസ്ഥാനത്ത് ജില്ലാ പഞ്ചായത്തും മൃഗസംരക്ഷണ വകുപ്പും ചേർന്ന് അനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം നടപ്പിലാക്കി, പ്രോഗ്രാമിന്റെ ഭാഗമായി ഗ്രാമ പഞ്ചായത്ത് മോണിറ്ററിംഗ് സമിതികൾ രൂപീകരിച്ച് തെരുവ് നായ്ക്കളുടെ ശല്യം നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. പൊതു സ്ഥലങ്ങളിൽ ഭക്ഷണ അവശിഷ്ടങ്ങൾ ഉൾപ്പെടെയുള്ള മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് തടയുന്നതിന് ബോധവൽക്കരണം നടത്തുകയും അത്തരം സംഗതികൾ ശ്രദ്ധയിൽപ്പെടുന്ന പക്ഷം നിയമാനുസരണമുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നുണ്ട്. എ.ബി.സി പ്രോഗ്രാം ഫലപ്രദമായി നടപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ തദ്ദേശ സ്ഥാപനങ്ങൾ സ്വീകരിച്ചിട്ടുണ്ട്. |
| ബി) | തെരുവ് നായ്ക്കളുടെ പുനരധിവാസം, പേവിഷബാധ, പ്രതിരോധം എന്നിവയ്ക്കായി പദ്ധതികളെന്തെങ്കിലും ആവിഷ്കരിച്ചിട്ടുണ്ടോ ; | ബി) തെരുവു നായ്ക്കളുടെ പുനരധിവാസത്തിനായി പ്രത്യേക പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല. തെരുവുനായ്ക്കളിൽ വന്ധ്യംകരണം നടത്തുന്നതോടൊപ്പം പേവിഷബാധ പ്രതിരോധ കുത്തിവയ്പ്പും നല്കിവരുന്നുണ്ട്. |

| | | |
|---|---|---|
| സി) | സംസ്ഥാനത്ത് തെരുവ് നായ്ക്കളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടോ; | സി) & ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ഡി) | എങ്കിൽ ആയത് നിയന്ത്രിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | |

സെക്ഷൻ ഓഫീസർ